LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിന് 'നിർഭയ കേരളം സുരക്ഷിത കേരളം' എന്ന പദ്ധതിയും 'സ്ത്രീ സുരക്ഷാ' പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

ഓരോ സ്ഥലത്തേയും ജനസംഖ്യയും, കുറ്റകൃത്യങ്ങളുടെ നിരക്കും, ദൂരപരിധിയും കണക്കാക്കി പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചതിന്റെ ഫലമായി സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ തടയുവാൻ പോലീസിന് സാധിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്താൽ എത്രയും പെട്ടെന്ന് നിയമ നടപടികൾ സ്വീകരിക്കുവാനും ഇതുമൂലം സാധിക്കുന്നു. ഇക്കാര്യത്തിൽ ഇതര സംസ്ഥാനങ്ങളുമായി തട്ടിച്ച് നോക്കുമ്പോൾ കേരളം ബഹുദൂരം മുന്നിലാണ്. ഇതിനുപുറമേ ക്രമസമാധാന നില അവലോകനം ചെയ്യാൻ എല്ലാ മാസവും സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യോഗം ചേരാറുണ്ട്. പ്രസ്തുത യോഗത്തിൽ ക്രമസമാധാന പരിപാലനത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ പോലീസ് സ്റ്റേഷൻ തലം മുതൽ റേഞ്ച് തലംവരെ അവലോകനയോഗം കൂടി നടപടികൾ സ്വീകരിക്കാറുമുണ്ട്.

ഹരിതശ്രീ പദ്ധതി

29(*29) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ടി. എൻ. പ്രതാപൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതി സംരക്ഷണത്തിന് ഹരിതശ്രീ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്. പ്രസ്തുത പദ്ധതി 2014-15 വർഷത്തിൽ രൂപീകരിച്ച നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

മനുഷ്യന്റെ നിലനിൽപ്പിനുതന്നെ കാരണമായ അന്യാദൃശ പാരിസ്ഥിതിക ഘടകങ്ങൾ, ജൈവവ്യവസ്ഥ എന്നിവ ഭാവിതലമുറയ്ക്ക് അന്യമാകാതിരിക്കാനായി അടിസ്ഥാനപരമായ പരിസ്ഥിതി സംരക്ഷണ പദ്ധതികൾ താഴ്ന്തലം മുതൽ പൊതുജന പങ്കാളിത്തത്തോടെയും ജനപിന്തുണയോടെയും നടപ്പിലാക്കാൻ ലക്ഷ്യമിട്ടുള്ള പങ്കാളിത്ത പാരിസ്ഥിതിക പരിപാലന (PEAP) പദ്ധതിക്ക് സർക്കാർ അനുമതിയും മാർഗ്ഗരേഖയും 24-5-2014 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 89/2014 മുഖേന പുറപ്പെടുവിച്ചിരുന്നു.

ഒരു മനുഷ്യന് ഒരു മരം എന്ന പേരിൽ സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം പ്രത്യേകിച്ച് ഒഴിഞ്ഞു കിടക്കുന്ന പൊതുസ്ഥലങ്ങൾ, പുറമ്പോക്കുകൾ, വിദ്യാലയ പരിസരങ്ങൾ, റോഡരികുകൾ, സ്വകാര്യ കൈവശ സ്ഥലങ്ങൾ എന്നിവിടങ്ങളിലെല്ലാം പൊതുജന പങ്കാളിത്തത്തോടെ സംസ്ഥാനത്തുടനീളം വൃക്ഷത്തൈകൾ നടുവാനും ആയത് ബന്ധപ്പെട്ട വ്യക്തികൾ പരിപാലിച്ച് വളർത്തിയെടുക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനും ഉദ്ദേശിച്ചുള്ളതാണ് ഹരിതശ്രീ പദ്ധതി.

2014-15 വർഷത്തിൽ ലോക പരിസ്ഥിതി ദിനമായ ജൂൺ-5 ന് സംസ്ഥാനമൊട്ടാകെ പത്തു ലക്ഷം വൃക്ഷത്തൈകൾ വിദ്യാർത്ഥികൾ, എൻ.സി.സി., എൻ.എസ്.എസ്., എസ്.പി.സി., കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, പരിസ്ഥിതി സംഘടനകൾ, ആർമി, നേവി, പോലീസ്, റെയിൽവേ, തപാൽവകുപ്പ്, വിവിധ വകുപ്പുകൾ എന്നിവ മുഖേനയും വിവിധ തുറകളിലുള്ള ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടിയും രാവിലെ 10.30 നും 11.30 നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിത സമയത്ത് നട്ടുപരിപാലിച്ചുവരുന്നു.

(ബി) 2014-15 വർഷത്തിൽ ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് രാവിലെ 10.30- നും 11.30- നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിത സമയത്ത് 10 ലക്ഷം വൃക്ഷത്തൈകൾ നടുന്നതിനും, ടി തൈകൾ നഷ്ടപ്പെട്ടു പോകാതെ തുടർച്ചയായി പരിപാലിക്കുന്നതിന് അതാത് സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയെ ചുമതലപ്പെടുത്തുന്നതിനും ആയതുവഴി ടി തൈകളെല്ലാം വൃക്ഷമായി മാറി സംസ്ഥാനത്തെ പരിസ്ഥിതിയെ പരിപോഷിപ്പിക്കുവാൻ ലക്ഷ്യമിട്ടുള്ളതാണ് ടി പദ്ധതി. പരിസ്ഥിതി പരിപോഷണം ഉറപ്പുവരുത്തുക

LIBRARY ARCHIVES Kerala Legislative Assembly

എന്നത് കൂടാതെ വിദ്യാർത്ഥികൾ, പ്രദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ/അർദ്ധ സർക്കാർ, കേന്ദ്ര സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, മത സ്ഥാപനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജനസംഘടനകൾ, വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ, സന്നദ്ധ സംഘടനകൾ തുടങ്ങി സമൂഹത്തിലെ നാനാതുറയിലുള്ള പൗരന്മാരുടെ പങ്കാളിത്തവും യത്നവും ഇപ്രകാരമുള്ള പരിസ്ഥിതി പരിപാലന പദ്ധതികളിൽ ഉറപ്പുവരുത്തുവാനാണ് ഈ പദ്ധതി മുഖേന ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) 2014 വർഷത്തിൽ ലോക പരിസ്ഥിതി ദിനമായ ജൂൺ 5 - ന് രാവിലെ 10.30 -നും 11.30 -നും ഇടയ്ക്കുള്ള ഒരു മണിക്കൂർ ഹരിത സമയത്ത് സമൂഹത്തിലെ നാനാ തുറയിലുള്ള പൗരന്മാരുടെ പങ്കാളിത്തത്തോടുകൂടി സംസ്ഥാനത്തൊട്ടാകെ 10 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും അവയെ പരിപാലിച്ച് വളർത്തുകയും ചെയ്യുവരുന്നു. ടി. ഹരിത സമയത്ത് 19.55 ലക്ഷം തൈകൾ വിജയകരമായി നട്ടുപിടിപ്പിച്ചിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം

30(*30) . ശ്രീ. ആർ. സെൽവരാജ് :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതു നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly